**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ വാങ്ങിയ ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്തോടെ വീട് വയ്ക്കുന്നതിന് വാങ്ങിയ സ്ഥലം, വെള്ളം കയറുന്നതിനാൽ വീട് പണിയുന്നതിന് സാധ്യമാകാത്ത സാഹചര്യത്തിൽ, പ്രസ്തുത ഭൂമി കൈമാറുന്നതിന് ഗുണഭോക്താവിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ; | (എ) | ഗുണഭോക്താവിന്റെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭൂമി കൈമാറ്റം തികച്ചും അനിവാര്യമായ സാഹചര്യമാണെന്ന ബോധ്യപ്പെടുന്ന പക്ഷം വില്പനയ്ക്ക് പ്രത്യേകാനുമതി നൽകുവാൻ സാധിക്കും. |
| (ബി) | പുതുക്കാട് ഗ്രാമ പഞ്ചായത്ത്, കൊടകര ബ്ലോക്ക്, ചെങ്ങാലൂർ കണ്ണമ്പത്തൂർ നിവാസിയായ ശ്രീ.രമേഷ് റ്റി.ആർ. പട്ടികജാതി വികസനവകുപ്പിന്റെ ധനസഹായത്തോടെ വാങ്ങിയ ഭൂമി വീട് വയ്ക്കുന്നതിന് യോഗ്യമല്ലാത്തതിനാൽ ഉപാധികളോടെയെങ്കിലും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വീട് വയ്ക്കാൻ കഴിയാത്ത പ്രസ്തുത സ്ഥലം വിൽക്കുന്നതിന് ഉപാധികളോടെയാണെങ്കിലും ടിയാന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രീ.രമേഷ് റ്റി.ആർ ന്റെ ആവശ്യം പരിശോധന നടത്തി ഭൂമി കൈമാറ്റം തികച്ചും അനിവാര്യമായ സാഹചര്യമാണെന്ന ബോധ്യപ്പെടുന്ന പക്ഷം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ